# പതിമൂന്നാം കേരളനിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 786** — **12/12/2012 ൽ മറുപടിക്ക്**

**ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഹോമിയോ മെഡിക്കൽ ഓഫീസർമാർ**

**ചോദ്യം**
ശ്രീ. എം. വി ശ്രേയാംസ്കുമാർ

**മറുപടി**
ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര ഹോമിയോ മെഡിക്കൽ ഓഫീസർമാരാണ് ദിവസ/ താൽക്കാലിക വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | ഹോമിയോപ്പതി വകുപ്പിൽ 58 ഹോമിയോ മെഡിക്കൽ ഓഫീസർമാർ ദിവസ/ താൽക്കാലിക വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു. |
| (ബി) | പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ ദിവസ/താൽക്കാലിക വേതാനാടിസ്ഥാനത്തിൽ ഹോമിയോ മെഡിക്കൽ ഓഫീസർമാരെ നിയമിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ; | (ബി) | 90 ദിവസത്തിനു താഴെയുള്ള അവധി ഒഴിവുകളിലും, ആയുഷ്, സീതാലയം തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരവും ദിവസ വേതനത്തിൽ മെഡിക്കൽ ഓഫീസർമാരെ നിയമിക്കുന്നു. |
| (സി) | പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകാതെ ദിവസ/ താൽക്കാലിക വേതാനാടിസ്ഥാനത്തിൽ നിയമനം നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ? | (സി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ